

# അരിമുല്ല മണം വീശും...

ഉമ്മയാണെന്നുമെന്റെ ഉറ്റ സഹായി, ഉലകിലില്ല മറ്റൊരാളും നിത്യകൂട്ടായി... മാതൃസ്നേഹം വഴിഞ്ഞൊഴുകുന്ന ഈ വരികൾ മലബാറിലെങ്ങും തലമുറ കൈമാറി സംഗീതാസ്വാദകർ ഏറ്റെടുത്തു. മെഹ്റിൻ ആലപിച്ച ഈ ഗാനം യുട്യൂബിലൂടെ രണ്ടു ലക്ഷത്തോളം ആളുകൾ കേട്ടുകഴിഞ്ഞു. ഈ വരികൾ രചിച്ച കവിയും ഗാനരചയിതാവുമായ പി.എ.ബി അച്ചനമ്പലത്തെക്കുറിച്ച്

പി.എ.ബി അച്ചനമ്പലം അടുത്ത ബന്ധുവായ ജിദ്ദയിലെ നൗഷാദ് ഇബ്രാഹിമിനൊപ്പം.

മലയാളക്കരയിലെ മണിമക്ക പുരിയാകും
മാറ്റൊത്ത മരതക ഊര്, നല്ല
മാപ്പിള മലബാറിന്റതൃപ്പത്തിൽ ഇശൽ പാടും
മലപ്പുറം പതി മശ്ഹൂറ്...

മലപ്പുറത്തിന്റെ മഹിത പൈതൃകത്തെക്കുറിച്ച്, ജില്ലയിലും പുറത്തും പ്രചാരം നേടിയ ഈ വരികൾ രചിച്ച പി.എ.ബി അച്ചനമ്പലം എന്ന തൂലികാ നാമത്തിൽ പ്രസിദ്ധനായ പി.എ ബീരാൻകുട്ടിയെ പരിചയപ്പെടുക. മലപ്പുറം വേങ്ങരയ്ക്കടുത്ത അച്ചനമ്പലത്തെ ഗ്രാമീണാന്തരീക്ഷത്തിൽ തന്റെ സർഗപ്രവർത്തനവുമായി കഴിയുന്ന കവിയും ഗാനരചയിതാവുമായ പി.എ.ബിയുടെ അമ്പതിലധികം മാപ്പിളപ്പാട്ടുകൾ ഇപ്പോൾ യുട്യൂബിൽ ലഭ്യമാണ്. പി.എ.ബിയുടെ നിരവധി വരികൾക്ക് കെ.ജി.മർക്കോസ്, വി.എം.കുട്ടി, എരഞ്ഞോളി മൂസ, എം.പി ഉമ്മർകുട്ടി, മിന്മിനി, വിളയിൽ ഫസീല, രഹ്ന, ഫാരിഷ തുടങ്ങിയ പ്രസിദ്ധ ഗായകർ ശബ്ദം നൽകിയിട്ടുണ്ട്. പല പാട്ടുകളും ഹിറ്റായി. വേങ്ങര ഹൈസ്കൂളിലെ പഠനശേഷം ഫാറൂഖ് റൗദത്തുൽ ഉലൂം അറബിക് കോളേജിൽ നിന്ന് പഠനം പൂർത്തിയാക്കി ഏറെക്കാലം അറബി അധ്യാപകനായി ജോലി നോക്കിയ പി.എ.ബി ബാല്യകാലം തൊട്ടേ കഥയെഴുത്തിലും കവിതയെഴുത്തിലും മുഴുകിയിരുന്നു. ചന്ദ്രിക ബാലപംക്തിയിലായിരുന്നു തുടക്കം. അക്കാലത്ത് തന്നെ ആകാശവാണിയിൽ സ്വന്തം ഗാനങ്ങളും കവിതകളും അവതരിപ്പിക്കാൻ അവസരം കിട്ടി. പ്രസിദ്ധ ഗാനരചയിതാവ് തിരൂരങ്ങാടിയിലെ കെ.ടി മുഹമ്മദ്കുട്ടിയുമായി ചേർന്ന് സംഗീത ആൽബങ്ങൾ പുറത്തിറക്കി. സി.രാധാകൃഷ്ണന്റെ 'പൊരുൾ' അടിസ്ഥാനമാക്കി ആവിഷ്കരിച്ച ഗാനശിൽപവും പ്രസിദ്ധമായി. ഇസ്‌ലാമിക ഭക്തിഗാനങ്ങളിലായിരുന്നു കൂടുതൽ കമ്പം.

ഫാറൂഖ് റൗദത്തുൽ ഉലൂം അറബിക് കോളേജിലെ പഠനകാലത്ത് കോഴിക്കോട്ടെ സഹൃദയരുമയി അടുപ്പം സ്ഥാപിച്ചു. ഇത് എസ്.കെ പൊറ്റെക്കാട്, പി.എം.കാസിം (നാടകകൃത്ത്) തുടങ്ങിയ പ്രമുഖരുമായി ആത്മബന്ധത്തിന് നിമിത്തമായി. വൈക്കം മുഹമ്മദ് ബഷീറുമായുള്ള സൗഹൃദം ജീവിതത്തിലെ വലിയൊരു അനുഭവമായി മാറി. അദ്ദേഹത്തെ കാണാൻ പോകുമ്പോഴൊക്കെ ചാർമിനാർ സിഗരറ്റ് പായ്ക്കറ്റുകളുമായാണ് പോയിരുന്നതെന്നും പി.എ.ബി അനുസ്മരിക്കുന്നു.

കാനേഷ് പൂനൂർ, ഒ.എം കരുവാരകുണ്ട് തുടങ്ങിയവരുമായും നല്ല സൗഹൃദത്തിലായി. തന്റെ എഴുത്തിന് ഈ കോഴിക്കോടൻ ബന്ധങ്ങൾ ഏറെ ഉപകരിച്ചുവെന്ന് പി.എ.ബി പറയുന്നു. വേങ്ങരയിലെ സംഗീത തൽപരരായ സുഹൃത്തുക്കളുമായിച്ചേർന്ന് രൂപീകരിച്ച 'സരിഗ' ക്ലബ്ബായിരുന്നു ഒഴിവു ദിനങ്ങളിലെ കൂട്ടായ്മക്ക് ഇടമായതും തന്റെ ഈരടികൾക്ക് ഈണം നൽകാൻ അവസരം നൽകിയതെന്നും പി.എ.ബി ഓർക്കുന്നു. കോഴിക്കോട് അബൂബക്കർ, ചാന്ദ്പാഷ, ബേണി, അഷ്റഫ് മഞ്ചേരി, മുഹ്സിൻ കുരിക്കൾ തുടങ്ങിയവരൊക്കെ പി.എ.ബിയുടെ വരികൾ ചിട്ടപ്പെടുത്തിയവരിലുൾപ്പെടും.

പല പാട്ടുകളും ജനകീയമായി. ഉമ്മയാണെന്നുമെന്റെ ഉറ്റ സഹായി, ഉലകിലില്ല മറ്റൊരാളും നിത്യകൂട്ടായി... മാതൃസ്നേഹം വഴിഞ്ഞൊഴുകുന്ന ഈ വരികൾ മലബാറിലെങ്ങും തലമുറ കൈമാറി സംഗീതാസ്വാദകർ ഏറ്റെടുത്തു. മെഹ്റിൻ ആലപിച്ച ഈ ഗാനം യുട്യൂബിലൂടെ രണ്ടു ലക്ഷത്തോളം ആളുകൾ കേട്ടുകഴിഞ്ഞു.



പി.എ.ബി അച്ചനമ്പലം

1975 മുതലാണ് മാപ്പിളപ്പാട്ടുകൾ രചിച്ച് തുടങ്ങിയത്. ആനുകാലികങ്ങളിൽ മാപ്പിളപ്പാട്ടുകളും അത് സംബന്ധിച്ച പഠനങ്ങളും എഴുതി വരുന്ന പി.എ.ബി വായനയുടേയും എഴുത്തിന്റേയും ലോകത്ത് സജീവമാണ്. അരിമുല്ല മണം വീശും... എന്ന പാട്ട് വിവാഹ വേദികളിലും മറ്റും ഏറെ പ്രചാരം സിദ്ധിച്ച പി.എ.ബിയുടെ വരികളാണ്. മഴവില്ല് വിടരുന്ന മാനസങ്ങൾ, സ്വർഗം നാണിക്കുന്ന നാട്ടിൽ, തങ്കവർണത്തിങ്കൾ പോലെ, അബുദാബി പോയെന്റെ ബാപ്പയും, ആകാശം ചോപ്പണിഞ്ഞു, പതി മക്കത്തുദിച്ച്, കരളുരുകി ഇരുകരമുയർത്തി, പഞ്ചവൻകാട്ടിലെ, ഹിദായത്തെന്നിൽ കനിഞ്ഞത്, മന്നവനല്ലാ പടൈത്തേ, കടക്കണ്ണിൻ മുന കൊണ്ട്... തുടങ്ങിയ മനോഹരമായ വരികൾ പി.എ.ബിയുടേതാണ്. കല്യാണപ്പാട്ടുകൾ, ഭക്തിഗാനങ്ങൾ, ചരിത്രഗാനങ്ങൾ എന്നിവയൊക്കെ പ്രാസഭംഗിയോടെ എഴുതി, സഹൃദയരിൽ പുതിയൊരനുഭവമാണ് പി.എ.ബി എന്ന കവി സൃഷ്ടിച്ചിട്ടുള്ളത്. ഒരുപക്ഷേ മുഖ്യധാരാ പാട്ടെഴുത്തുകാരിൽ നിന്ന് വ്യതിരിക്തത കാത്തു സൂക്ഷിക്കുമ്പോഴും തന്റെ വരികളിൽ നൂറു ശതമാനം കവിതയുടെ കാതൽ വേണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ട്. ആലാപന ചാരുതയോടൊപ്പം കാവ്യഭംഗി കൂടി വേണമെന്ന നിശിതമായ വാശിയാണ് പി.എ.ബിയെ ഇത്രയും ജനപ്രിയനായ കവിയും പാട്ടെഴുത്തുകാരനുമാക്കി മാറ്റിയത്.

കോഴിക്കോട് മാപ്പിള സോംഗ് ലവേഴ്സ് അസോസിയേഷന്റെ ആരംഭകാലം തൊട്ടേയുള്ള പ്രവർത്തകനായ പി.എ.ബി സംസ്ഥാന യുവജനോത്സവങ്ങളിലെ മാപ്പിളപ്പാട്ട് ഇനങ്ങളിലെ ജഡ്ജിയായും ക്ഷണിക്കപ്പെടാറുണ്ട്. ആയിശയാണ് ഭാര്യ. മക്കൾ: നിലോഫർ, ഇബ്രാസ്, നസീം (ദുബായ്).


–എം

---

മിനിക്കഥ

# വീൽ ചെയറിന്റെ മക്കൾ

■ കാരൂർ സോമൻ, ലണ്ടൻ



വര: ഒ.ബി. നാസർ


ഇലകളുടെ മറവിലൊളിഞ്ഞിരുന്ന് പകലിന്റെ മഹിമയെ മഞ്ഞക്കിളി വാഴ്ത്തിപ്പാടുന്നു. മുറ്റത്തു കമ്പിപ്പാരകൊണ്ട് തേങ്ങ പൊതിച്ചുകൊണ്ടു നിന്ന മാത്യുവിന്റെ അടുത്തേക്ക് സ്കൂട്ടർ നിർത്തി മകൻ സിബിനൊപ്പം പഠിച്ച അബിൻ വന്നു. മാത്യു അകത്തേക്ക് നോക്കിയിട്ട് അബിന്റെ അടുത്തേക്ക് ചെന്നു. മകനൊപ്പം പഠിച്ച അബി ജോലി ചെയ്ത് ജീവിക്കുമ്പോൾ മകൻ മദ്യത്തിലും കഞ്ചാവിലും ദിനങ്ങൾ തള്ളി വിടുന്നതോർത്ത് ആ മിഴികൾ നനഞ്ഞു. മകനിൽ ധാരാളം സ്വപ്നങ്ങൾ നെയ്തെടുത്ത പിതാവിന്റെ മനസ്സിന് പഴുത്തു പൊട്ടിക്കൊണ്ടിരിക്കുന്നു. പിതാവിന്റെ മനോവേദന മനസ്സിലാക്കി കയ്യിൽ കരുതിയ മൊബൈൽ കൈമാറിയിട്ട് പറഞ്ഞു. 'അങ്കിൾ നമ്മൾ പറഞ്ഞതുപോലെ ഈ ഫോൺ അവന്റെ കയ്യിൽ കൊടുത്തിട്ട് ഞാൻ പറഞ്ഞതുപോലെ പറയണം. ഞങ്ങളുടെ ഈ നാടകത്തിൽ അവൻ വീഴും'. പിതാവ് സങ്കടപ്പെട്ടു പറഞ്ഞു. 'എങ്ങനെയും അവനെ രക്ഷിക്കണം കുഞ്ഞേ... എത്ര പിള്ളേരാണ് ഇങ്ങനെ നശിക്കുന്നത്'. മകനെയോർത്തു ചിന്തിച്ചുഴലുന്ന പിതാവിനെ ധൈര്യപ്പെടുത്തിയിട്ട് അബി മടങ്ങി.

അബി പോകുന്നതും നോക്കി ദുഃഖചിന്തയോടെ സ്വന്തം മകനെയോർത്തു. അമ്മയില്ലാത്ത മകനെ താലോലിച്ചു വളർത്തിയതിന്റെ ശിക്ഷയാണ് ഇന്നനുഭവിക്കുന്നത്. അവന്റെ എല്ലാ ആഗ്രഹങ്ങൾക്കും കൂട്ടു നിൽക്കാതെ അച്ചടക്കത്തോടെ വളർത്തിയിരുന്നെങ്കിൽ യൗവന പ്രായത്തിൽ അബിയെപ്പോലെ ജീവിക്കുമായിരിന്നു. കൂട്ടം തെറ്റിയ ആനക്കുട്ടികളെപ്പോലെ ജീവിക്കുന്ന കുറേ മക്കൾ. കഴിഞ്ഞ രാത്രിയിൽ കുടിച്ചു കൂത്താടി വന്ന മകൻ രാവിലെ പുറത്തേക്ക് വന്നപ്പോൾ കയ്യിലിരുന്ന മൊബൈൽ കൊടുത്തിട്ട് പറഞ്ഞു: 'ഈ ഫോൺ വിവാഹ വീട്ടിൽ നിന്നും കിട്ടിയതാണ്. നിന്നെപ്പോലെ വേലയും കുളിയുമില്ലാത്ത ആരോ കളഞ്ഞിട്ട് പോയതാ. വിളിക്കുമ്പോൾ അങ്ങ് കൊടുക്ക്. പിന്നെ കള്ളുംകുടിച്ച് അർധരാത്രി വരെ ഇരിക്കാതെ നേരത്തെ വീട്ടിലെത്തണം'. എല്ലാം മൂളിക്കേട്ട സിബിൻ റോഡിലെത്തി കൂട്ടുകാരൻ കിരണിനെ വിളിച്ചുവരുത്തി. അവർ മൊബൈൽ പരിശോധിച്ചു. 'എടാ ഈ താടിക്കാർ മുക്കുടിയന്മാർ മാത്രമല്ല കഞ്ചാവടിക്കുന്നവർ കൂടിയാണ്' താടിക്കാരിൽ ഒരാൾ പറയുന്നു. 'നിന്റെ ഈ താടി കാണാൻ ഒരു സുഖമില്ല. വടിച്ചു കളയെടാ'. അതിനുള്ള മറുപടി. 'പോടാ ഈ താടി എന്റെയൊരു വികാരമാണ്. അത് വടിക്കാൻ പറ്റില്ല'. മൊബൈൽ കിട്ടിയതിൽ കിരണും സിബിനും സന്തുഷ്ടരാണ്. ഒരു കുപ്പി വാങ്ങാനുള്ള തുക കിട്ടുമെന്നുറപ്പിച്ചു. പ്രതീക്ഷിച്ചതുപോലെ ഫോണിൽ വിളിയെത്തി. അവർ പറഞ്ഞിടത്തു സിബിനെത്തി. വീൽ ചെയറിൽ മൊബൈൽ നഷ്ടപ്പെട്ട യൗവനക്കാരനെ ഉന്തി ഒരാളെത്തി. വീൽ ചെയറിൽ വന്നവൻ മദ്യവും മയക്കുമരുന്നും കഴിച്ചു വാഹനമോടിച്ച് അപകടത്തിൽപെട്ടതും, ചോര വാർന്നു പോയതും, വീൽ ചെയറിലായതും, കണ്ണീരിന്റെ കഥകൾ വിവരിച്ചു. സിബിന് പ്രതിഫലമായി ഒരു കുരിശുമാല സമ്മാനിച്ചിട്ടു സന്തോഷത്തോടെ യാത്രയാക്കി. അയാൾ പറഞ്ഞ വാക്കുകൾ സിബിന് പുതു ജീവൻ പകരുന്നതായി തോന്നി. മനസ്സാകെ ഇളകിമറിഞ്ഞു.

നാളെ താനും ഈ വീൽ ചെയറിൽ ഇരിക്കേണ്ടി വരുമോ? കണ്ണുകൾ ഈറനണിഞ്ഞു. മകന്റെ പെട്ടെന്നുണ്ടായ മാറ്റത്തിൽ പിതാവിന്റെ പിടയുന്ന ഹൃദയം ആനന്ദിച്ചു. മാത്യുവിന് അബിയോട് എന്തെന്നില്ലാത്ത ആദരവ് തോന്നി.

---

മിനിക്കഥ



# നിദ്ര

■ അസീസ് പട്ള

നീണ്ട മുപ്പതു വർഷത്തെ പ്രവാസം നിർത്തി വീട്ടിലെത്തിയ ഉപ്പാക്ക് ഇഷ്ടപ്പെട്ട വിഭവങ്ങളുണ്ടാക്കാൻ ഡിഗ്രിക്കും പ്ലസ് വണിനും പഠിക്കുന്ന പെൺമക്കൾ പാചകക്കുറിപ്പിലെയും യുട്യൂബിലെയും റെസിപ്പി വെച്ച് അടുക്കളയിൽ മത്സരിക്കുകയാണ്.

അല്ലെങ്കിലും ഞായറാഴ്ച ദിവസങ്ങളിൽ അടുക്കള അവർ കയ്യേറും. ഓരോ വിഭവങ്ങളും തീൻമേശയിൽ നിരത്തുമ്പോൾ ഉൾപ്പുളകത്തോടെ ഭാര്യ അയാളെ നോക്കി മന്ദഹസിച്ചു, അരികത്തു ചേർന്നു നിന്നു.

'ഇത്രയും കാലം നിങ്ങൾ ഖുബ്ബൂസും തൈരും വല്ല ഒറ്റക്കൂട്ടാനും അല്ലേ കഴിച്ചിരുന്നത്? ഇനി ഞങ്ങൾ ഉണ്ടാക്കിത്തരാം... രണ്ടു വർഷത്തിൽ രണ്ടു മാസത്തേക്കുള്ള അവധിക്ക് വരുമ്പോൾ മിക്ക ദിവസവും നിങ്ങൾ ബന്ധുക്കളുടെയും കൂട്ടുകാരുടെയും കല്യാണവും വിരുന്നും ഒക്കെയായി പുറത്തായിരിക്കും... ചുരുക്കം ദിവസങ്ങളിൽ മാത്രമല്ലേ ഒന്നിച്ചിരുന്നു കഴിച്ചിട്ടുള്ളൂ?'

അയാൾ മുഖമുയർത്തി അവളുടെ കൈ തോളിൽ ചേർത്തുവെച്ചു. അവൾ തുടർന്നു: 'ഞാൻ ശ്രദ്ധിക്കാറുണ്ടായിരുന്നു, കഴിഞ്ഞതിന്റെ തലേ വെക്കേഷൻ തൊട്ട് നിങ്ങൾ ഞാൻ ഉണ്ടാക്കിയതൊന്നും മനസ്സ് നിറയെ കഴിച്ചിരുന്നില്ല.

ചോദിച്ചപ്പോൾ ഒരിക്കൽ നിങ്ങൾ പറഞ്ഞു, മക്കൾ കഴിക്കുന്നത് കാണാനാ ഇഷ്ടം. അവരെ കൺനിറയെ കാണുന്നത് തന്നെ മനസ്സും വയറും നിറയുമെന്ന്. എന്നാ... ഇന്ന് അങ്ങനെയാവരുത്. നല്ലോണം കഴിച്ചോണം... ഇനിയെങ്കിലും നിങ്ങളുടെ അഭിരുചിക്കനുസരിച്ച് വെച്ചു വിളമ്പിത്തരാലോ?

അവളുടെ തല അറിയാതെ അയാളുടെ തോളിൽ ചാഞ്ഞു.

അയാളുടെ ചുടുനിശ്വാസം തലമുടിയിൽ തലോടി ഒരു തൂവൽസ്പർശം പോലെ മുഖം തഴുകി. അപ്പോഴും മക്കൾ തീൻമേശ നിറക്കുന്ന തിരക്കിലായിരുന്നു.

രാത്രി കിടക്കാൻ നേരത്തും അവളുടെ പരിഭവം തീർന്നില്ല.

'ഇന്നും നിങ്ങൾ നേരാംവണ്ണം കഴിച്ചില്ലല്ലോ? എന്താ പറ്റ്യേ..? വന്ന അന്ന് തൊട്ടു ഞാൻ ശ്രദ്ധിക്കുന്നു. മുഖത്തെ ആ വിരസത. ഗൾഫ് വിട്ടതിൽ വിഷമിക്കണ്ട, നമുക്ക് ഒരു നേരമെങ്കിൽ ഒരു നേരം. ഉള്ളത് കഴിച്ചു കഴിയാലോ...

അവൾ അയാളെ കെട്ടിപ്പിടിച്ചു അറിയാതെ വിതുമ്പിപ്പോയി.

'ഗൾഫ് ഞാൻ ഒഴിവാക്കിയതല്ല, എന്നെ ഒഴിവാക്കിയതാ... കഴിഞ്ഞ അഞ്ചു വർഷമായി ഞാൻ ഹൃദ്രോഗിയാണ്... കൊളസ്ട്രോൾ കാരണം ഒന്നും കഴിക്കാൻ പറ്റുന്നില്ല. ഷുഗർ നേരത്തെ ഉള്ളതാണല്ലോ. ഒരു അറ്റാക്ക് വന്നു; ആഞ്ചിയോപ്ലാസ്റ്റി ചെയ്തതാണ്, എല്ലാം കമ്പനി ഇൻഷുറൻസ് വഹിച്ചു.

നിങ്ങളെ ആരെയും അറിയിച്ചു വിഷമിപ്പിക്കണ്ടായെന്നു കരുതി. മക്കളെ ആരുടെയെങ്കിലും കയ്യിൽ ഏൽപിക്കുന്നത് വരെയെങ്കിലും...

അയാളുടെ കണ്ഠമിടറി; കണ്ണുകൾ നിറഞ്ഞു തുളുമ്പി.

നീണ്ട മൗനത്തിനു ശേഷം.

'ന്നാലും... ഇങ്ങക്ക് എന്നോട് പറയായിരുന്നു. നിങ്ങൾ അവിടെ അരപ്പട്ടിണിയിൽ കഴിയുമ്പോൾ... ഞങ്ങൾ ഇവിടെ... എന്തിനിങ്ങനെ ശിക്ഷിച്ചു?

നിയന്ത്രണം വിട്ട് അവൾ പൊട്ടിക്കരഞ്ഞുപോയി.

അയാൾ ചേർത്തു നിർത്തി ആശ്വസിപ്പിച്ചു. ഒരു തമാശയെന്നോണം അവളുടെ കാതിൽ മന്ത്രിച്ചു, 'എന്നെപ്പോലുള്ള രോഗികൾക്ക് അറ്റാക്ക് വന്നാൽ വേദന ഉണ്ടാവില്ലത്രേ. പിടച്ചിലും... അതൊരു ഭാഗ്യമല്ലേ...?

'അരുത്... ആരുടെ മരണമാണ് നിങ്ങളീ പറയുന്നത്...' അവൾക്ക് സഹിച്ചില്ല: ഓരോന്നാലോചിച്ച് മനസ്സ് വിഷമിപ്പിക്കാതെ കിടന്നോളൂ... അവളും ചാരത്തു കണ്ണുനീർ വാർത്തുകൊണ്ട് എപ്പോഴോ ഉറങ്ങിപ്പോയി.

പക്ഷേ, പതിവു പോലെ സുബ്ഹി ബാങ്കിനും മുമ്പേ അവളെ ഉണർത്തുന്ന അയാൾ അന്ന് നീണ്ട നിദ്രയിലായി. ഒരിക്കലുമുണരാത്ത നിദ്ര.

---

കവിത

# തിരുത്ത്

■ ഹസ്ന യഹ്യ

എഴുതിയ കവിതയിൽ
ഒരക്ഷരം തെറ്റി
അറിയാതെ
ഞാനത് ചൊല്ലി.

വികലമായ
വരികൾ
ഭ്രാന്തമായ
ജൽപനങ്ങൾ

അധരങ്ങൾ
വറ്റി വരണ്ടു
താളം പിഴച്ച ആ
വരിയിൽ,
ഒരു മഴത്തുള്ളി
മുത്തമിട്ടു
അതിന്റെ
ആത്മാവുലഞ്ഞു
പുളഞ്ഞു.

മൂകമായ
സ്നേഹം
അതിനെ
പുണർന്നു.

മറ്റൊരു
വെള്ളക്കടലാസിൽ
ആ സ്നേഹം
അതിനെ
തിരുത്തിക്കുറിച്ചു.

മാധുര്യമായ്
ചുണ്ടോട്
ചേർന്നൊരു
പുല്ലാങ്കുഴലിലൂടെ
അതൊഴുകി.

---

കവിത



# ഇരപ്പൻപാറ*

■ സഞ്ജയ്നാഥ് ഇലിപ്പക്കുളം

മഴക്കാലത്ത് മാത്രമാണ്
ഇരപ്പൻപാറയിൽ വെള്ളച്ചാട്ടമുണ്ടാകുക
വരൾച്ചയിൽ കമ്യൂണിസ്റ്റ്പച്ചകൾ
വളർന്ന പൊന്തകൾക്കിടയിൽ
നിറയെ മാലിന്യങ്ങളുമായി
ഇരപ്പൻപാറ വരണ്ടു കിടക്കും.
നാലുമുക്കിലെ കോഴിക്കടയിലെ
അവശിഷ്ടങ്ങൾ, ഗോപാലേട്ടന്റെ
ചായപ്പീടികയിലെ എച്ചിലിലകൾ,
ഉപയോഗിച്ച് വലിച്ചെറിഞ്ഞ മദ്യക്കുപ്പികൾ.

മാലിന്യങ്ങളൊഴിഞ്ഞ കറുത്ത കല്ലുകളിൽ
ഇരുന്ന് പഴയ സഖാവായ
ഗോപാലേട്ടനും സ്വാതന്ത്ര്യ സമര
പെൻഷൻ വാങ്ങുന്ന തോമസ് തരകനും
അടിയന്തരാവസ്ഥയെക്കുറിച്ച് തർക്കിക്കും.
പോലീസ് മർദനമേറ്റ പുറം കാട്ടി
ഭീതിദമായ ആ നാളുകളെക്കുറിച്ച്
പറഞ്ഞ് ഞങ്ങളെ ഭയത്തിൽ മുക്കി നിശ്ശബ്ദരാക്കും.

ഇന്ത്യാ ചൈന യുദ്ധത്തിൽ
പങ്കെടുത്ത പാപ്പുണ്ണിയേട്ടൻ
അരുണാചൽ പ്രദേശിനെക്കുറിച്ചങ്ങനെ പറയും.
മഴവില്ല് വിടരുന്നതു പോലെ
മഞ്ഞിന്റെ ധവളിമയിൽ നിന്ന്
അരുണാചൽ വിടർന്നു വരും.
മഞ്ഞ മുഖമുള്ള ചൈനീസ് പട്ടാളക്കാർ
അതിർത്തി കടന്നങ്ങനെ വരുന്നത്
വിവരിക്കുമ്പോൾ ഇരിപ്പിടങ്ങളിൽ
ഞങ്ങൾ പരസ്പരം ചേർന്നിരിക്കും.

പേരൂർ മാധവൻ പിള്ളയും,
തോപ്പിലാശാനും സി.കെയും,
ടി.കെ തേവനും ഗോപാലേട്ടന്റെ
കഥകളിലങ്ങനെ നിറഞ്ഞ് കവിയും.
ജ്വരം ബാധിച്ച് മരിച്ച മകളെ
അറിയാത്ത ദേശത്തെവിടെയോ
മറവ് ചെയ്ത് ഓടിപ്പോയ
സി.കെയെക്കുറിച്ച് പറയുമ്പോൾ
ഗോപാലേട്ടൻ കരഞ്ഞ് തുടങ്ങും.
ഞങ്ങളാ ത്യാഗത്തിനു മുന്നിൽ
അടിമുടി പൂത്തുലയും.
കൽക്കുളത്താറ്റിലെ മീനുകൾ
കൊമ്പും പല്ലുകളുമായി
ഞങ്ങളെ ആക്രമിക്കും.

കൊയ്ത്തു കഴിഞ്ഞ പാടങ്ങളിൽ
രാത്രികളിൽ സഖാക്കളെ തെരഞ്ഞ്
ത്രീ നോട്ട് ത്രീ റൈഫിളുകളുമായി
പാഞ്ഞോടുന്ന നിഴലുകളെയോർത്താവാം
ഗോപാലേട്ടൻ നിശ്ശബ്ദനാകും.

മഴ നിറയുമ്പോൾ കമ്യൂണിസ്റ്റ്
പച്ചകൾക്ക് മുകളിലൂടെ
മാലിന്യങ്ങൾ ഒഴുക്കി ഇരപ്പൻപാറ
ഒഴുകി തുടങ്ങുമ്പോൾ
ഞങ്ങൾ സ്വപ്നംകണ്ടു തുടങ്ങുന്നു.
ഹോളണ്ടും, സ്വിറ്റ്സർലാന്റും,
അമേരിക്കയും, ഫ്രാൻസും
ഞങ്ങളുടെ തെരുവുകളിലൂടെ
ഒഴുകിത്തുടങ്ങുന്നത്.
നയാഗ്രയോളം വളർന്ന്
ലോകത്തിന്റെ നെറുകയിലേക്ക് ഒഴുകുന്നത്.
തോമസ് തരകനും ഗോപാലേട്ടനും
പാപ്പുണ്ണിയേട്ടനും ഓർമകളിൽ
നനഞ്ഞീറനായി
ഭൂതകാലത്തിലേക്ക് കൈവീശുന്നത്.

*(ഓണാട്ടുകരയിലെ ഒരു ചെറിയ വെള്ളച്ചാട്ടമാണ് ഇരപ്പൻപാറ)*